**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1709** **17.06.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.രാധാകൃഷ്ണൻ : | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ സഹായം സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുന്നതോടൊപ്പം തന്നെ തുക ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനാവശ്യമായ ഫണ്ടിന്റെ ദൗർലഭ്യം നിമിത്തം ഉത്തരവ് ജില്ലാ കളക്ടർ മാർക്ക് ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ തുകയും ലഭ്യമാക്കാൻ സാധിക്കാറില്ല. ധനസഹായം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിന്മേൽ വിതരണത്തിന് ആവശ്യമുള്ള തുക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ രേഖാമൂലം അറിയിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനകാര്യ (ഫണ്ട്സ്) വകുപ്പ് തുക ഇ-ട്രാൻസ്ഫർ മുഖേന ട്രഷറികളിലേയ്ക്ക് അയയ്ക്കുകയാണ് നിലവിൽ ചെയ്യുന്നത്. |
| (ബി) അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പും തുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ അപേക്ഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിച്ചുകഴിഞ്ഞാൽ, ആയതു സംബന്ധിച്ച അറിയിപ്പ് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരിച്ചറിയൽ കാർഡിന്റെയും റേഷൻ കാർഡിന്റേയും പകർപ്പുകൾ ഗുണഭോക്താക്കൾ ഹാജരാക്കുന്ന മുറയ്ക്ക് തഹസീൽദാർമാർ ചെക്കു മുഖാന്തിരം കക്ഷികൾക്ക് തുക വിതരണം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ.**